# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.520 — 02.07.2019-ൽ മറുപടിയ്ക്ക്

## പഠനം ഉപേക്ഷിക്കുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പാറക്കൽ അബ്ദുല്ല | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ചില വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പരാജയപ്പെട്ട പേപ്പറുകളിൽ വിജയിക്കുന്നതിനും പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ IHRD യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന Remedial Coaching നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ് (BTech) ന് പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>എം.ബി.ബി.എസ്., ബി.വി.എസ്.സി. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ഒരിക്കൽ പരാജയപ്പെട്ടതിനുശേഷം വീണ്ടും പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസിൽ മൂന്ന് പ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിൽ പഠിച്ച് എം.ബി.ബി.എസ് കോഴ്സിനു വിജയിക്കാത്തവർക്ക് മൂന്ന് പ്രാവശ്യം പരീക്ഷയെഴുതുന്നതിന് 50 ശതമാനം നിരക്കിൽ |

| | | | |
|---|---|---|---|
| | | | ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നു.<br>പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000/- രൂപയുടെ സമുന്നതി പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**